**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് — ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് - 2020-21 വർഷത്തിൽ ജീവനക്കാർക്ക് ബോണസ് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

**സ.ഉ.(കൈ) നം.111/2022/ID  തീയതി,തിരുവനന്തപുരം, 29-10-2022**

---

പരാമർശം:-

1. 05.08.2021 ലെ സ.ഉ(അച്ചടി) നം.61/2021/വ്യവ
2. 16.08.2021 ലെ എച്ച്1/249/2021/വ്യവ സർക്കുലർ
3. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 18.01.2022 ലെ എച്ച്.ആർ/എ-1/001, 20.05.2022 ലെ MD/C-7/12/2022-23 നമ്പർ കത്തുകൾ.

**ഉത്തരവ്**

2020-21 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഓണത്തോടനുബന്ധിച്ച് ബോണസ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 13.08.2021 ൽ ചേർന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്ത പ്രകാരം 2019-20 വർഷം ജീവനക്കാർക്ക് വിതരണം ചെയ്ത തുകയായ 22,500/- രൂപ തന്നെ 2020-21 വർഷവും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് വിതരണം ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ സാധൂകരണത്തിനായി സർക്കാരിനെ സമീപിക്കുവാൻ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ബോണസ് വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 വർഷത്തിൽ 22,500/- രൂപ വീതം ബോണസ് അനുവദിച്ച് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എ പി എം മുഹമ്മദ് ഹനീഷ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ, കൊച്ചി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്സ്.എസ്സ്.എ)/(ഇ &ആർ.എസ്സ്.എ)

കേരളം, തിരുവനന്തപുരം.

സെക്രട്ടറി, റിയാബ്, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (.................. ലെ ഇനം. നം. ....................... പ്രകാരം)

ധനകാര്യ വകുപ്പ്

തൊഴിൽ വകുപ്പ്

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by AJITHKUMAR A**
**Date: 31-10-2022 10:34:23**

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്
2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (II) യുടെ പി.എ
3. വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-10-2022

ഫയൽ നം. വ്യവ-എച്ച്2/30/2022/വ്യവ. ഇനം നം: 1114

വിഷയം : വ്യവസായ വകുപ്പ് - ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ബോണസ് നൽകിയ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

27/10/22

# GOVERNMENT OF KERALA
# (SHRI.PINARAYI VIJAYAN MINISTRY)
# DRAFT NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | No.IND-H2/30/2022-IND |
| 2 | Department | : | Industries (H) Department |
| 3 | Subject | : | Industries Department - Ratification of the payment of Bonus to the employees of Travancore Cochin Chemicals Limited for the financial year 2020-21 - reg |
| 4 | Date of Chief Minister's order for placing before the Council. | : | 09.09.2022 Note to NF |
| 5 | (i) Does the case involve financial commitments/implications | : | Yes. |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes, Labour Department.<br>Yes |
| 7 | Name of Additional Secretary who submitted the Draft Note. | : | Smt.M.A.Rajeena Beegum |
| 8 | Name of Principal Secretary who approved the Draft Note. | : | Sri. A P M Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 18/10/2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.V.P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | | 20/10/2022 |
| 12 | Name of Minister who approved the Draft Note | : | Sri.P.Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister | : | |
| 14 | Date of submission of fair copies. | : | |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision. | | |

# DRAFT NOTE FOR THE COUNCIL OF MINISTERS

This note deals with the ratification of the action of the Managing Director, Travancore Cochin Chemicals Limited in having disbursed an amount of Rs.22,500/- as Bonus to the employees of the Company during the year 2020-21.

2. As per G.O(P) No.61/2021/LBR dated 05.08.2021, Government have issued guidelines for the payment of bonus to the employees of Public Sector Undertakings for the year 2019-20. Based on that, direction has been issued to PSUs to disburse the Bonus as per clause 17 of the said order vide Circular No.H1/249/2021/ID dated 16.08.2021. ~~An amount of Rs.22,500 has been disbursed as bonus during the year 2020-21 as per~~ the condition not to exceed the amount disbursed for Bonus, Exgratia, Performance linked Incentive, Festival Gift during the year 2019-20. Travancore Cochin Chemicals Limited distributed Bonus @ Rs.22,500 to its employees and the Board of Directors in its meeting held on 13.08.2021 decided to approach Government for ratification of the same. The Managing Director, Travancore Cochin Chemicals Limited requested Government to ratify his action in having distributed Bonus as above.

3. When the file was forwarded to Labour Department, that Department has remarked as follows:

*"ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ്‌ലൈൻസിലെ 05/08/2021-ലെ സ.ഉ.(അച്ചടി)നം61/2021/തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ബോണസും മറ്റ ആനുകൂല്യങ്ങളും നല്കിയതെങ്കിൽ പ്രസ്തുത നടപടിയോട് വകുപ്പ് യോജിക്കുന്നില്ല"*

4. When the file was forwarded to Finance Department, that Department has remarked as follows:

*"2019-20, 2020-21 എന്നീ കാലയളവിൽ Travancore Cochin chemicals Ltd സർക്കാരിന് ലാഭവിഹിതം നൽകിയിട്ടില്ല. അതേ സമയം ജീവനക്കാർക്ക് ടി കാലയളവിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകിയിട്ടുമുണ്ട്. ഭൂരിപക്ഷ ഓഹരി പങ്കാളിത്തമുള്ള സർക്കാരിന് ലാഭവിഹിതം നൽകാതെ ജീവനക്കാർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്ന കമ്പനി മാനേജ്മെന്റിന്റെ നടപടി അംഗീകരിക്കാൻ കഴിയില്ല. നടപ്പുവർഷം മുതൽ ലാഭവിഹിതം സർക്കാരിന് കൃത്യമായി നൽകണമെന്ന് കർശന നിർദേശം നൽകേണ്ടതാണ്. 2020-21-ൽ സർക്കാരിന് ലാഭവിഹിതം നൽകാതെ ജീവനക്കാർക്ക് മാത്രം പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകിയ നടപടി സാധൂകരിക്കാൻ നിർവ്വാഹമില്ലെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു".*

5. According to the Company rules, Company has to pay the dividend to Government as and when it attains the net profit. During 2020-21, Travancore Cochin Chemicals was in a loss due to the covid crisis and subsequent uncertainties in the market. The bonus paid in 2020-21 is the same amount which was paid in 2019-20. The Travancore Cochin Chemicals Limited Company has been given strict direction to remit proportionate dividend to Government as and when the company achieves net profit.

6. As per Clause(17) of the guidelines issued by Government regarding payment of Bonus/Performance linked Incentive/Exgratia to the employees of Public Sector Undertakings for 2020-21, stipulates not to exceed the said allowances paid during the year 2019-20. The amount paid by Travancore Cochin Chemicals Limited during 2020-2021 is Rs.22,500/- which is same as the amount paid during the year 2019-20. Government have ratified the action of the Managing Director in having distributed an amount of Rs.22,500/- as bonus during 2019-20 as per G.O(Ms) No.28/2022/ID dated 15.03.2022. The file was circulated to the Hon'ble Chief Minister for orders to ratify the action of the Managing Director, Travancore-Cochin Chemicals Ltd in having disbursed an amount of Rs.22,500 as Bonus to the employees of the Company during the year 2020-2021.

7. The Hon'ble Chief Minister has ordered to place the matter before the consideration of the Council of Ministers.

## Point for decision

Whether the action of the Managing Director in having paid Rs.22,500/- each as Bonus to the employees of Travancore Cochin Chemicals Limited during the year 2020-21 may be ratified by overruling the remarks of Labour Department and Finance Department?

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നം. വ്യവ-എച്ച്2/30/2022-വ്യവ |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | വ്യവസായ വകുപ്പ് - ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ബോണസ് നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 09.09.2022 Note 5DRF |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | ഉണ്ട്. തൊഴിൽ വകുപ്പ്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.എം.എ.റജീന ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 18\10\2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/10/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 വർഷത്തിൽ ബോണസ് നൽകിയ കമ്പനി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 05.08.2021 ലെ സ.ഉ(അച്ചടി) നം.61/2021/തൊഴിൽ പ്രകാരം, 2020-21 വർഷത്തേക്കുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ക്ലോസ് 17 പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ്, എക്സ്ഗ്രേഷ്യ, പെർഫോർമൻസ് ലിങ്ക്ഡ് ഇൻസെന്റീവ്, ഫെസ്റ്റിവൽ ഗിഫ്റ്റ് തുടങ്ങിയവ 2019-20 വർഷത്തിൽ അനുവദിച്ച തുകയേക്കാൾ കൂടുതലായിരിക്കരുതെന്ന് ~~വ്യവസ്ഥ ചെയ്തിരുന്നു.~~ അതിൻ പ്രകാരം 22,500/- രൂപ 2020-21 വർഷത്തേക്കുള്ള ബോണസ് അനുവദിച്ചിരുന്നു. 13.08.2021 ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗം ഇക്കാര്യത്തിൽ സാധൂകരണത്തിനായി സർക്കാരിനെ സമീപിക്കാൻ തീരുമാനിക്കുകയും ചെയ്തു. മുകളിൽ പറഞ്ഞ പ്രകാരം ബോണസ് വിതരണം ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3. ഇത് സംബന്ധിച്ച് തൊഴിൽ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി

*"ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ്‌ലൈൻസിലെ 05/08/2021-ലെ സ.ഉ.(അച്ചടി)നം61/2021/തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ബോണസും മറ്റ് ആനുകൂല്യങ്ങളും നല്കിയതെങ്കിൽ പ്രസ്തുത നടപടിയോട് വകുപ്പ് യോജിക്കുന്നില്ല"*

4. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി

*"2019-20, 2020-21 എന്നീ കാലയളവിൽ Travancore Cochin chemicals Ltd സർക്കാരിന് ലാഭവിഹിതം നൽകിയിട്ടില്ല. അതേ സമയം ജീവനക്കാർക്ക് ടി കാലയളവിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകിയിട്ടുമുണ്ട്. ഭൂരിപക്ഷ ഓഹരി പങ്കാളിത്തമുള്ള സർക്കാരിന് ലാഭവിഹിതം നൽകാതെ ജീവനക്കാർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്ന കമ്പനി മാനേജ്മെന്റിന്റെ നടപടി അംഗീകരിക്കാൻ കഴിയില്ല. നടപ്പുവർഷം മുതൽ ലാഭവിഹിതം സർക്കാരിന് കൃത്യമായി നൽകണമെന്ന് കർശന നിർദേശം നൽകേണ്ടതാണ്. 2020-21-ൽ സർക്കാരിന് ലാഭവിഹിതം*

*നൽകാതെ ജീവനക്കാർക്ക് മാത്രം പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകിയ നടപടി സാധൂകരിക്കാൻ നിർവ്വാഹമില്ലെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു".*

5. കമ്പനി ചട്ട പ്രകാരം Net Profit ആകുന്ന വേളയിലാണ് സർക്കാരിലേയ്ക്ക് ലാഭവിഹിതം നൽകേണ്ടത്. 2020-21 കാലയളവിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് കോവിഡ് പ്രതിസന്ധിയും തുടർന്നുള്ള വിപണിയിലെ അനിശ്ചിതത്വവും കാരണം നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്. 2019-20 ൽ നൽകിയ തുക തന്നെയാണ് 2020-21 ലും കമ്പനി നൽകിയത്. കമ്പനി നെറ്റ് പ്രോഫിറ്റ് ആകുന്ന വേളയിൽ സർക്കാരിന് ആനുപാതികമായ ലാഭവിഹിതം കൃത്യമായി നൽകുന്നതിനുള്ള കർശന നിർദ്ദേശം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

6. 2020-21 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് / പെർഫോമൻസ് ലിങ്ക്ഡ് ഇൻസെന്റീവ് / എക്സ്ഗ്രേഷ്യ നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ ക്ലോസ് (17) പ്രകാരം 2020-21 വർഷത്തിൽ അനുവദിച്ച അലവൻസുകൾ 2019-20 വർഷത്തിൽ അനുവദിച്ചതിനേക്കാൾ അധികരിക്കരുത് എന്ന് നിഷ്കർഷിച്ചിരുന്നു. 2019-20 ൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് വിതരണം ചെയ്ത 22,500/- രൂപ തന്നെയാണ് കമ്പനി 2020-21 കാലയളവിൽ വിതരണം ചെയ്തിരുന്നത്. 15.03.2022 ലെ സ.ഉ(കൈ) നം.28/2022/വ്യവ പ്രകാരം 2019-20 കാലയളവിൽ ബോണസായി 22,500/- രൂപ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സർക്കാർ സാധൂകരിച്ച് ഉത്തരവായിരുന്നു. 2020-21 കാലയളവിൽ കമ്പനിയിലെ ജീവനക്കാർക്ക് ബോണസായി 22,500/- രൂപ വിതരണം ചെയ്ത ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി.

7. പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിയിട്ടുണ്ട്.

6619848/2022/IND(OS)

**തീരുമാനിക്കേണ്ട വിഷയം**

ധനവകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും അഭിപ്രായം മറികടന്നുകൊണ്ട് 2020-21 വർഷത്തിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് ബോണസായി 22,500 രൂപ വീതം നൽകിയ മാനേജിംഗ് ഡയറക്ടറുടെ നടപടി, സാധൂകരിക്കാമോ?

14/10/22

14/10/22

14/10/22

21/10/22